# നീരയും വെർജിൻ ഓയിലും ദക്ഷിണാഫ്രിക്കയിലേക്ക്

കൊച്ചി: ദക്ഷിണാഫ്രിക്കയിലേക്ക് നാളികേര വികസന ബോർഡ് ഉപഹാരമായി നൽകുന്ന 15 കാർട്ടൺ നാളികേര ഉത്പന്നങ്ങൾ നെടുമ്പാശ്ശേരിയിൽനിന്ന് അയച്ചു. സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15ന് ദക്ഷിണാഫ്രിക്കൻ ഹൈക്കമ്മീഷൻ അവിടെ ദേശീയ ദിനമായി ആഘോഷിക്കുമ്പോൾ വിശിഷ്ടാതിഥികൾക്ക് ഉപഹാരമായി ഇത് സമ്മാനിക്കും. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ രുചി ഘനശ്യാം ഇതുസംബന്ധിച്ച് നാളികേര വികസനബോർഡ് ചെയർമാൻ ടി.കെ. ജോസുമായി ചർച്ചനടത്തി. നീര ഹണി, നീര ശർക്കര, സ്പൈസ് ജാഗറി, നീര ഷുഗർ, വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് ചിപ്സ് എന്നിവയുടെ 500 വീതം പായ്ക്കറ്റുകളാണ് അയച്ചിരിക്കുന്നത്.